LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടിയിൽ ആയുർവേദ ആശുപത്രി

181 [1657] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ആയുർവേദ ആശുപത്രി കൊണ്ടോട്ടിയിൽ സ്ഥാപിച്ച് സ്വദേശികൾക്കും വിദേശികൾക്കും പ്രയോജനപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രി കൊണ്ടോട്ടിയിൽ സ്ഥാപിക്കുമെന്ന വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലാ ആയുർവേദ ആശുപത്രി കൊണ്ടോട്ടിയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും തന്നെ നിലവിലില്ല. ടി ആശുപത്രി ഇപ്പോൾ കോട്ടക്കൽ ആയുർവേദ കോളേജിനോട് അനുബന്ധിച്ച് പ്രവർത്തിച്ചു വരികയാണ്. ഈ ആശുപത്രി കോട്ടക്കലിൽ നിന്നും മാറ്റി തിരൂർ നഗരസഭാ അതിർത്തിയിൽ സ്ഥാപിക്കണമെന്ന് തിരൂർ നഗരസഭയും എടരിക്കോട് പഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്ന് എടരിക്കോട് ഗ്രാമപഞ്ചായത്തും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാ ആയുർവേദ ആശുപത്രി കൊണ്ടോട്ടിയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സംസ്ഥാന നഴ്സിംഗ് കൗൺസിൽ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

182 [1658] ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നഴ്സിംഗ് കൗൺസിൽ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദീകരിക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ നഴ്സ് രജിസ്ട്രാർ തസ്തിക കേരളത്തിൽ സൃഷ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ഡി) ഗ്രാഡുവേറ്റ്, പോസ്റ്റ് ഗ്രാഡുവേറ്റ് നഴ്സിംഗ് ബുരുദധാരികൾക്ക് നഴ്സിംഗ് അഡ്മിനിസ്ട്രേഷനിൽ ഏതെങ്കിലും തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;